**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1774** **04.10.2016 - ൽ മറുപടിക്ക്**

## കൺസ്യൂമർഫെഡിലെ അഴിമതി

**ചോദ്യം** **മറുപടി**

**ശ്രീ.ഡി.കെ.മുരളി**

**ശ്രീ. എ.സി.മൊയ്തീൻ**
**(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2011-16 കാലയളവിൽ കൺസ്യൂമർഫെഡിൽ നടന്നിട്ടുള്ള അഴിമതികളെ സംബന്ധിച്ച് സർക്കാർ കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ; | (എ) | 2011-16 കാലയളവിൽ കൺസ്യൂമർഫെഡിൽ അഴിമതികൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ വിറ്റവകയിലും നന്മ പദ്ധതിയിലെ വിൽപ്പനയിലും നഷ്ടം സംഭവിച്ചിട്ടുള്ളതായും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 3778 ജീവനക്കാർ 180 ദിവസത്തിൽ അധികരിച്ചാണ് ജോലി ചെയ്തു വരുന്നതെന്നും കണ്ടെത്തിയിരുന്നു. ഫെഡറേഷൻ ആരംഭിച്ച 7-ഫ്ളോട്ടിംഗ് ത്രിവേണികളിൽ 5 എണ്ണവും ആകെയുള്ള 142 മൊബൈൽ ത്രിവേണികളിൽ 83 എണ്ണവും മാത്രമെ പ്രവർത്തിക്കുന്നുള്ളു എന്നും ഈ ഇനത്തിൽ ഏകദേശം 7.67 കോടി രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായും കണ്ടെത്തിയിരുന്നു. കൺസ്ട്രക്ഷൻ, പുനർ നിർമ്മാണം, മോഡണൈസേഷൻ, മോഡിഫിക്കേഷൻ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടപ്പോൾ നിയമാനുസൃതമായ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയിരുന്നു. വിദേശമദ്യ വിൽപ്പന ക്രമാതീതമായി വർദ്ധിച്ചിട്ടും ഇൻസെന്റീവായി ലഭിക്കുന്ന തുക വളരെ കുറവാണെന്നും, യാതൊരു ആസൂത്രണവും, വിലയിരുത്തലും, ലാഭക്ഷമത വിലയിരുത്താതെയുമുള്ള സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളതായും അന്വേഷണത്തിൽ |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഫെഡറേഷനിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണത്തിന് ഉത്തരവാകുകയും ടി അന്വേഷണം നടന്നു വരികയുമാണ്. |
| **(ബി)** | ഏതെല്ലാം മേഖലകളിൽ അഴിമതി കണ്ടെത്തിയെന്നും ഓരോ വിഭാഗത്തിലും എത്ര വീതം തുകയുടെ അഴിമതിയാണ് കണ്ടെത്തിയതെന്നും വിശദമാക്കുമോ; | **(ബി)** | ഫെഡറേഷനിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടന്നു വരുന്ന അന്വേഷണത്തിന്റെ ഇടക്കാല റിപ്പോർട്ടിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന നീതി വിതരണ കേന്ദ്രത്തിൽ അനുമതിയില്ലാതെയും ക്രമവിരുദ്ധമായും ഗോഡൗൺ പണിത വകയിൽ 1.45 കോടി രൂപയുടെയും ആലപ്പുഴ ജില്ലയിൽ ത്രിവേണി ടവറിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് 3.51 ലക്ഷം രൂപയുടെയും മണ്ണഞ്ചേരി നീതി വിതരണ കേന്ദ്രത്തിൽ ക്യാഷ് ബുക്കിൽ തിരിമറി നടത്തിയതിൽ 11.07 ലക്ഷം രൂപയുടേയും ടി വിതരണ കേന്ദ്രം നിർത്തലാക്കിയപ്പോൾ ഉണ്ടായിരുന്ന നീക്കിയിരിപ്പ് തുകയായ 1.13 ലക്ഷം രൂപ ഫെഡറേഷനിൽ അടയ്ക്കാത്തതായും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. കോട്ടയം ജില്ലയിലെ നീതി വിതരണ കേന്ദ്രത്തിൽ ലോറി വാടകയിനത്തിൽ നൽകിയതായി കാണിച്ച് 75,160/-രൂപയുടെ അപഹരണം നടന്നതായി കണ്ടെത്തിയിരുന്നു. എറണാകുളം ജില്ലയിൽ നീതി ഗോഡൗണിൽ നിന്നും അരി കയറ്റി അയച്ചതിൽ 12.55 ലക്ഷം രൂപയുടെ അപഹരണം നടന്നതായി കണ്ടെത്തിയിരുന്നു. തൃശ്ശൂർ ജില്ലയിലെ നീതി ഗോഡൗണിലെ മാനേജരും, സീനിയർ മാനേജരും ചേർന്ന് പൂരം പാക്കേജ് എന്ന പേരിൽ 80,000/-രൂപ ചെലവെഴുതി |

| | | | |
|---|---|---|---|
| | | | പണാപഹരണം നടത്തിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അഴിമതികൾ നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വ്യക്തമാക്കുമോ? | (സി) | ഇടക്കാല റിപ്പോർട്ടിൽ പ്രസ്തുത അഴിമതികൾ നടത്തിയതായി കണ്ടെത്തിയവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസ് വകുപ്പിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള 11/79-ാം നമ്പർ സർക്കുലർ പ്രകാരം നിശ്ചിത ഫാറത്തിൽ കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി വിവരങ്ങൾ പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ